Set - A

# KHM HIGHER SECONDARY SCHOOL, VALAKKULAM

FIRST TERMINAL EVALUATION - 2021

## മലയാളം - അടിസ്ഥാന പാഠാവലി

**Time: 40 Minutes** **STD: X** **Max.Marks: 20**

---

ഉത്തരമെഴുതുമ്പോൾ മാർക്ക്, സമയം എന്നിവ പരിഗണിക്കണം.

1 "ഇല്ലച്ചുമ്മേ, ഒന്നും കേക്കില്ല.ടീവിന്റെ ഒച്ച മാത്രമേ കേൾക്കാൻ പറ്റൂ."
( ഓരോ വിളിയും കാത്ത്)
കുട്ടിയുടെ ഈ വാക്കുകളിൽ തെളിയുന്ന ഭാവം എന്ത് ? 1

- സങ്കടം
- ഭയം
- ആഹ്ലാദം
- പരിഹാസം.

2 'കരിന്തിരി' എന്ന പദം വിഗ്രഹിച്ചെഴുതുക. 1

3 അർത്ഥവ്യത്യാസം വരാതെ അഭംഗി പരിഹരിച്ച് വാക്യം മാറ്റി എഴുതുക.

'അതൊരു തിരുത്താനാവാത്ത അക്ഷന്തവ്യമായ തെറ്റും അപരാധവുമാണ്.ഒരുതരത്തിലും ആ തെറ്റ് ന്യായീകരിക്കാവുന്നതാണ്.' 2

4 "എങ്ങോട്ട് പോകുന്നുവെന്ന് ചോദിച്ചില്ല,എന്തിനെന്നും..."
(അമ്മത്തൊട്ടിൽ)
-ഇത്തരമൊരു ചോദ്യം അമ്മ ചോദിക്കാഞ്ഞത് എന്തുകൊണ്ടാവാം ? 2

5 "ഇപ്പെരുംമാളിന്റെ (ഇപ്പെരുമാളിന്റെ ?)
തൊട്ടടുത്തായിറക്കിയാലെന്നോർത്തു.." (അമ്മത്തൊട്ടിൽ)
- പെരും മാൾ, പെരുമാൾ എന്നീ പദങ്ങളുടെ അർത്ഥവ്യാപ്തി രണ്ടുവാക്യത്തിൽ എഴുതുക. 2

6 ഗ്രാമീണസൗന്ദര്യത്തിന്റെ ഏതെങ്കിലും രണ്ടു ചിത്രങ്ങൾ ഓരോവിളിയും കാത്ത് എന്ന കഥയിൽ നിന്നും ഓർത്തെഴുതുക. 2

7 'പ്ലാവിലക്കഞ്ഞി'യിലെ കോരന്റെയും 'അമ്മത്തൊട്ടിലി'ലെ മകന്റെയും മനോഭാവങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. 4

8 അമ്മത്തൊട്ടിൽ എന്ന കവിതയിലെ ആശയവും സമകാലിക സംഭവങ്ങളും അടിസ്ഥാനമാക്കി 'അരക്ഷിതമാകുന്ന വാർധക്യം' എന്ന വിഷയത്തിൽ മുഖപ്രസംഗം തയ്യാറാക്കുക. 6

Set - B

## KHM HIGHER SECONDARY SCHOOL, VALAKKULAM

FIRST TERMINAL EVALUATION - 2021

## മലയാളം - അടിസ്ഥാന പാഠാവലി

**Time: 40 Minutes** **STD: X** **Max.Marks: 20**

---

1. അവന്റെകൂടെ താമസിച്ചിരുന്നെങ്കിൽ വൃദ്ധൻ ഇങ്ങനെ ആയിപ്പോകുമായിരുന്നില്ല. ഈ വാക്യം വൃദ്ധന്റെ ഏത് അവസ്ഥയെ സൂചിപ്പിക്കുന്നു. ( 1 )
( അഭിമാനം , അഹങ്കാരം , ദയനീയത )

2. രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത് ? നെല്ലു കൂലികിട്ടിയില്ലെങ്കിൽ ജോലിക്കു പോകാതിരുന്നാലെന്ത് ? കോരൻ ചിന്തിച്ചു. കോരന്റെ ചിന്തകളിൽ തെളിയുന്ന ഭാവം കണ്ടെത്തി എഴുതുക. ( 1 )
( നിരാശ , സങ്കടം , പ്രതിഷേധം )

3. പക്ഷേ കണ്ണുകൾ, കണ്ണുകൾ മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ് കണ്ണുകൾക്ക് നൽകിയിരിക്കുന്ന വിശേഷണത്തിൽ തെളിയുന്ന അമ്മയുടെ അവസ്ഥ വ്യക്തമാക്കുക. ( 2 )

4. ജീവിതത്തിൽ ദാരിദ്ര്യം അനുഭവിക്കുമ്പോഴും സ്നേഹത്തിന് ഒട്ടും ദാരിദ്ര്യം ഇല്ലാത്തവരാണ് പ്ലാവിലക്കഞ്ഞി എന്ന നോവൽഭാഗത്തെ കഥാപാത്രങ്ങൾ'. ഉചിതമായ രണ്ടു സന്ദർഭങ്ങൾ കണ്ടെത്തി എഴുതുക.
( 2 )

5."അപ്പോൾ നമ്മുടെ വേരുകളോ, അതും ഈ അമ്മയായ ഭൂമിയിൽത്തന്നെ. "
ഭൂമിയെ അമ്മയായി സങ്കല്പിക്കുന്നതിന്റെ ഔചിത്യം വ്യക്തമാക്കുക ( 4 )

6.. " ഉറങ്ങിക്കോളൂ , അമ്മേ കാലത്ത് എഴുന്നേറ്റ് പോകേണ്ടതല്ലേ ? "
"ഇവിടെ അമ്മയെ തനിച്ചു നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ? "
( ഓരോ വിളിയും കാത്ത് )
" എങ്ങോട്ടുപോകുന്നുവെന്നു ചോദിച്ചില്ല, എന്തിനെന്നും "
( അമ്മത്തൊട്ടിൽ )
മകനോടൊപ്പമുള്ള അമ്മയുടെ രണ്ടു യാത്രാസന്ദർഭങ്ങളാണ് ഇവിടെ ആവിഷ്കരിച്ചിരിക്കുന്നത് ' ഇരുസന്ദർഭങ്ങളിലും മക്കൾ അമ്മമാരോടു പുലർത്തുന്ന മനോഭാവം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. ( 4 )

7. " ഞാനെങ്ങന്യാ മോനേ വര്വാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ . ഇന്നലേം വിളിച്ചു വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ ... '
അച്ഛനെക്കുറിച്ചുള്ള സമ്പന്നമായ ഓർമ്മകളാണ് ഓരോ വിളിയും കാത്ത് എന്ന കഥയെ ആസ്വാദ്യമാക്കുന്നത്. ഓർമ്മകളിലൂടെ തെളിയുന്ന അച്ഛനെ കുറിച്ച് കഥാപാത്ര നിരൂപണം തയ്യാറാക്കുക ? ( 6 )

Set - C

# KHM HIGHER SECONDARY SCHOOL, VALAKKULAM

## FIRST TERMINAL EVALUATION - 2021

## മലയാളം - അടിസ്ഥാന പാഠാവലി

**Time: 40 Minutes** **STD: X** **Max.Marks: 20**

---

1. "അവിടെങ്ങും നെല്ലു കണികാണാനില്ല! ഒള്ളോൻ വെളി കാണിക്കത്തില്ല. രാത്രീല് ഏഴു രൂപായാ വെല"
കോരന്റെ അച്ഛന്റെ വാക്കുകളിൽ തെളിയുന്ന ഭാവമേത് ? (1)

- അദ്‌ഭുതം
- പരിഭവം
- അമർഷം
- പരിഹാസം

2. മാതൃക പോലെ എഴുതുക. (1)
മാതൃക: അമ്മത്തൊട്ടിൽ - അമ്മ, തൊട്ടിൽ
പീളയടിഞ്ഞ് - ...............

3. 'കാച്ചെണ്ണ ' എന്ന പദം വിഗ്രഹിച്ച് എഴുതുക. (1)

4. അർഥ വ്യത്യാസമില്ലാതെ ഒറ്റ വാക്യമാക്കുക. (1)
അവയ്ക്കു ഭൂമിയിൽ വേരുണ്ട്. അതുകൊണ്ട് ഉറച്ചു നിൽക്കുന്നു.

5. "നെന്റെ വീട്ടിലിരുന്നാൽ കൂമൻ മൂളുന്ന ഒച്ച കേൾക്കോ നീയ്യ്.. ?"
"ഇല്ലച്ചമ്മേ, ഒന്നും കേക്കില്ല. ടീവീന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റൂ"
( ഓരോ വിളിയും കാത്ത് )
ഈ വരികളിൽ തെളിയുന്ന കുട്ടിയുടെ മാനസികാവസ്ഥ രണ്ടോ മൂന്നോ വാക്യത്തിൽ കുറിക്കുക. (2)

6. "എങ്ങിനി കൊണ്ടിറക്കേണ്ടൂ സ്വയം ~ബുദ്ധികെട്ടുകരിന്തിരിയാളും~ വരെയവർ
ഒന്നെന്നെ കൊണ്ടു പോയീടേണമെന്നുള്ള ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ "
അടിവരയിട്ട പദത്തിന്റെ അർഥസാധ്യതകൾ എഴുതുക.
(2)

7. "അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ്. ഒരുതരത്തിലും ആ തെറ്റ് ന്യായീകരിക്കാവുന്നതല്ല "
- ആരാണ് ഈ അപരാധം ചെയതത്?എന്തുകൊണ്ടാണ് അത് അക്ഷന്തവ്യമായി കരുതുന്നത് ? (2)

8. "പെറ്റു കിടക്കും തെരുവുപട്ടിക്കെന്തൊരൂറ്റം കുരച്ചത് ചാടിക്കുതിക്കുന്നു"

സ്വന്തം മാതാവിനെ തെരുവിൽ തള്ളാൻ തയാറായ മകനെ, അതിൽ നിന്ന് പിന്തിരിപ്പിക്കാൻ ഈ സംഭവം ഇടയാക്കിയോ? എങ്കിൽ എന്തായിരിക്കും കാരണം? വിശകലനക്കുറിപ്പ് തയാറാക്കുക. (4)

9. 'അമ്മത്തൊട്ടിൽ ' എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കുക.
കവിതയുടെ ആശയം, സവിശേഷ പദങ്ങൾ, സമകാലിക പ്രസക്തി എന്നിവയും സൂചിപ്പിക്കണം. (6)